KSFE

ദി കേരള സ്റ്റേററ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിററഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ: 4155/ മലയാളം തിയതി : 27-10-2023

**<u>സർക്കലർ 48 / 2023 (സിഎസ്)</u>**

വിഷയം: ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്- 2023 ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും- ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ നിർദേശങ്ങൾ- സംബന്ധിച്ച്

സൂചന: നമ്പർ.ഒ.എൽ. 4/53/2023/ പി & എആർഡി 31/07/2023 ലെ കത്ത്.

********

മുകളിൽ പ്രതിപ്രാദിച്ച സർക്കാർ ഉത്തരവ്പ്രകാരം കേരളത്തിലെ ഭരണ ഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാള ദിനമായും നവംബർ 1 മുതൽ നവംബർ 7 വരെ ഭരണഭാഷാ വാരമായും ആഘോഷിച്ചുവരുന്നുണ്ട്. ഈ വർഷത്തെ ആഘോഷങ്ങൾക്കായി സൂചന (1) പ്രകാരം സർക്കാർ മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഭരണഭാഷ പ്രതിജ്ഞ എല്ലാശാഖകളിലും/ ഓഫീസുകളിലും നവംബർ 1 ന് സർക്കാർ ഉത്തരവിൽ പ്രതിപ്രാദിക്കുന്ന പ്രകാരം നടത്തേണ്ടതാണ്. പ്രസ്തുത ഉത്തരവിൽ പറയുന്ന മാതൃകയിൽ ഒരു ബാനർ പ്രിന്റ്ചെയ്ത് ശാഖകളിലും/ഓഫീസുകളിലും മേൽ കാലയളവിൽ പ്രദർശിപ്പിക്കേണ്ടതാണ്. മറ്റു നിർദേശങ്ങളിൽ നമുക്ക് ബാധകമായവ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് ഈ കത്തിന്റെ കൂടെ വെച്ചിട്ടുണ്ട്.

ഈ മാർഗ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും നടപ്പിൽ വരുത്തണമെന്നും നിർദേശിക്കുന്നു.

**കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന് വേണ്ടി,**

**ഡോ.സനിൽ.എസ്.കെ.**
**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്:

1. എ.ജി.എം (റീജ്യൻസ്)
2. യൂണിറ്റ് ഹെഡ്സ്
3. ഐ.എ.ഡി.ടീമുകൾ
4. എസ്.ഡി.റ്റി ആപ്പീസുകൾ
5. ഹെഡ്ആപ്പീസ്ഡിപ്പാർട്ട്മെന്റ് മേധാവികള്
6. എം.ഡിയുടെ പി.എ
7. സർക്കുലര് ഫയല്

ഭരണഭാഷ – മാതൃഭാഷ

# കേരളസർക്കാർ

## ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

നമ്പർ. ഒ.എൽ.4/53/2023/പി&എആർഡി

തിരുവനന്തപുരം,
തീയതി: 31/07/2023

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്- 2023-ലെ മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും - ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ - സംബന്ധിച്ച്.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002-ൽ ജി.ഒ. (പി)നം.31/2002/പി&എആർഡി നമ്പർ ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളുംമറ്റും സംസ്ഥാന – ജില്ലാ - താലൂക്ക് - പഞ്ചായത്തുതലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. മലയാളദിനവും ഭരണഭാഷാവാരവും ആഘോഷിക്കുമ്പോൾ സ്കൂൾതലത്തിൽ പാലിക്കേണ്ട വസ്തുതകളെ സംബന്ധിച്ച് 2/5/2002 ൽ ജി.ഒ.(പി)നം. 20/2002/പി&എആർഡി നമ്പർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽനിന്ന് ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവ ഉപയോഗിക്കുന്ന കുട്ടികളെയും ഇതരസംസ്ഥാനങ്ങളിൽനിന്ന് ഇവിടെ വന്നു പഠിക്കുന്ന കുട്ടികളെയും ഒഴിവാക്കിക്കൊണ്ട് സർക്കാരുത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേല്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളപ്പിറവിയുടെ 67-ാം വാർഷികവേളയായ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. നവംബർമാസത്തിലെ ആദ്യത്തെ പ്രവൃത്തിദിവസം മലയാളദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരാഘോഷവും സംസ്ഥാനത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനതലത്തിൽ ആഘോഷപരിപാടികളുടെ ഉദ്ഘാടനം 01.11.2023-ന് ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്നതാണ്. 2023 നവംബർ 1-ാം തീയതി എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഓഫീസുകളിൽ ഓഫീസ് തലവന്റെ അധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെച്ചേർത്തിട്ടുള്ള ഭരണഭാഷാപ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

ഭരണഭാഷാപ്രതിജ്ഞ

"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".

2. വിദ്യാലയങ്ങളിൽ മലയാളദിനത്തിൽ ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർഥികളും താഴെച്ചേർത്തിട്ടുള്ള പ്രതിജ്ഞയെടുക്കേണ്ടതാണ്.

" മലയാളമാണ് എന്റെ ഭാഷ<br>
എന്റെ ഭാഷ എന്റെ വീടാണ്.<br>
എന്റെ ആകാശമാണ്.<br>
ഞാൻകാണുന്ന നക്ഷത്രമാണ്.<br>
എന്നെത്തഴുകുന്ന കാറ്റാണ്.<br>
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.<br>
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.<br>
ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്<br>
എന്റെ ഭാഷയിലാണ്.<br>
എന്റെ ഭാഷ ഞാൻതന്നെയാണ്."

3. ഭരണഭാഷാവാരാഘോഷക്കാലത്ത് ഓഫീസുകളിലും വിദ്യാലയങ്ങളിലും ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

ബാനറിന്റെ മാതൃക

| |
|---|
| ഭരണഭാഷ - മാതൃഭാഷ |
| മലയാളദിനാഘോഷം - 2023 നവംബർ 1 |
| ഭരണഭാഷാവാരാഘോഷം - 2023 നവംബർ 1 മുതൽ 7 വരെ |

4. വാരാഘോഷക്കാലത്ത് വിവിധ വകുപ്പുകളിലും ഓഫീസുകളിലും ഭാഷാപോഷണത്തിനും ഭരണഭാഷാമാറ്റത്തിനും ഉതകുന്ന പരിശീലനക്ലാസുകൾ, പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, ഭരണഭാഷാപുരസ്കാരം ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. വിവിധ വകുപ്പുകൾക്ക് യോജിച്ചതും ഭാഷാമാറ്റപുരോഗതി കൈവരിക്കുന്നതിന് ഉതകുന്നതുമായ മറ്റു പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

5. ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ്പദങ്ങളും സമാന മലയാളപദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

6. മലയാളദിനാഘോഷത്തിന്റെയും ഭരണഭാഷാവാരാഘോഷത്തിന്റെയും ഭാഗമായി വിവിധ ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എല്ലാ വകുപ്പുതലവന്മാരും നവംബർ 30- നു മുൻപ് ഔദ്യോഗികഭാഷാവകുപ്പു സെക്രട്ടറിക്ക് അയയ്ക്കേണ്ടതാണ്.

7. മലയാളദിന-ഭരണഭാഷാവാരാഘോഷത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾ സംബന്ധിച്ച പ്രത്യേകറിപ്പോർട്ട് അതതുജില്ലയിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസർ 2023 നവംബർ 30-നകം ഔദ്യോഗികഭാഷാവകുപ്പു സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്.

8. മലയാളദിന-ഭരണഭാഷാവാരാഘോഷത്തിനുള്ള ചെലവ് ' 26- ഭരണഭാഷാ പ്രയോഗപദ്ധതി എന്ന കണക്കിലോ, ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മറ്റു ചെലവുകൾ എന്ന കണക്കിലോ വകയിരുത്തേണ്ടതാണ്. പഞ്ചായത്തുതലത്തിലുള്ള പരിപാടികളുടെ ചെലവ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ കണക്കിലും വകയിരുത്തേണ്ടതാണ്.

ഉദയകുമാർ. എസ്. ആർ
ജോയിന്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ വകുപ്പുതലവന്മാർക്കും ഓഫീസുകൾക്കും
ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
പൊതുവിദ്യാഭ്യാസ ഡയറക്ടർ/ഉന്നതവിദ്യാഭ്യാസ ഡയറക്ടർ/ ഹയർസെക്കൻഡറി ഡയറക്ടർ/ വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ/ ഡയറക്ടർ, കോളേജുവിദ്യാഭ്യാസം / ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ
ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)
സർക്കാർനിയന്ത്രണത്തിലുള്ള പൊതുമേഖല/അർധസർക്കാർ/സ്വയംഭരണ സ്ഥാപനങ്ങളുടെ തലവന്മാർക്ക്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ